# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No.223/PR/PIC/PHQ/18                                                                 Date 31.08.2018

## സേനാവിഭാഗങ്ങൾക്ക് അനുമോദനം – പ്രത്യേക പരേഡ് നാളെ (01.09.18)

പ്രളയക്കെടുതി നേരിടുന്നതിൽ സ്തുത്യർഹമായ പങ്ക് വഹിക്കുകയും മാതൃകാപരമായി പ്രവർത്തിക്കുകയും ചെയ്ത, സംസ്ഥാന സർക്കാരിന്റെ വിവിധ സേനാവിഭാഗങ്ങളെ സർക്കാർ അനുമോദിക്കുന്നു. കേരളാ പോലീസ്, അഗ്നിരക്ഷാസേന, വനം-വന്യജീവി വകുപ്പ്, എക്സൈസ് വകുപ്പ്, ജയിൽ വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, എന്നീ യൂണിഫോം സേനാ വിഭാഗങ്ങളെയാണ് അഭിനന്ദിക്കുന്നത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം എസ്.എ. പി. ഗ്രൗണ്ടിൽ നാളെ വൈകുന്നേരം അഞ്ചു മണിക്ക് സംയുക്ത പരേഡ് നടക്കും. പരേഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം സ്വീകരിക്കും. തുടർന്ന് സേനാ വിഭാഗങ്ങൾക്കുള്ള പ്രശംസാപത്രവും മുഖ്യമന്ത്രി നല്കും.

സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് മേധാവി എ. ഹേമചന്ദ്രൻ, വനം വന്യജീവി വകുപ്പ് മേധാവി പി.കെ. കേശവൻ , ജയിൽ മേധാവി ആർ. ശ്രീലേഖ , മോട്ടോർ വാഹന വകുപ്പ് മേധാവി കെ. പത്മകുമാർ എന്നിവർ അതത് സേനാവിഭാഗങ്ങൾക്കുള്ള ഉപഹാരം മുഖ്യമന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങും.

*********